**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 17, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തര പ്രമേയം

**പങ്കാളിത്ത പെൻഷൻ പദ്ധതി**

മി. സ്പീക്കർ: പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിക്കൊണ്ട് ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്താനുള്ള നീക്കം സംസ്ഥാനത്ത് തൊഴിലിനായി കാത്തിരിക്കുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാരിൽ ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും പ്രതിഷേധവും സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, എ.എ. അസീസ്,

എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതിനോ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തുന്നതിനോ തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത് സംസ്ഥാനത്തെ യുവജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടും അവരുമായി ചർച്ച ചെയ്തുകൊണ്ടുമായിരിക്കും. രാജ്യത്ത് ഉയർന്നുവരുന്ന ചില വിഷയങ്ങളെ സംബന്ധിച്ച് അക്കാഡമിക്കായിട്ടുള്ള ചർച്ചകളിൽ സർക്കാരിന് നിലപാട് വ്യക്തമാക്കേണ്ടിവരും. ഇൻഡ്യയിൽ 3 സംസ്ഥാനങ്ങളൊഴിച്ച് മറ്റുള്ളിടത്തെല്ലാം പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുകയും ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. അത് കേരളത്തിൽ നടപ്പിലാക്കുമെന്നല്ല, ക്യാബിനറ്റിന്റെ പരിശോധനയിലാണെന്നാണ് പറഞ്ഞത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 75 ശതമാനവും ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കുവേണ്ടി ചെലവഴിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങൾക്ക് ജോലി നൽകുന്നതിനായി ഒരു പദ്ധതിയും നടപ്പിലാക്കാൻ സർക്കാരിന് സാധിക്കുകയില്ല. അക്കാഡമിക് ഡിസ്കഷൻ നടത്തേണ്ടത് ഈ പ്രവണതയെ എങ്ങനെ നേരിടാമെന്നതിനെക്കുറിച്ചാണ്. ചെറുപ്പക്കാർക്കുവേണ്ടിയാണ് സർക്കാർ സ്വയം സംരംഭക മിഷൻ, സ്കിൽ അപ്ഗ്രഡേഷൻ എന്നീ പദ്ധതികൾ ആവിഷ്കരിച്ചത്. അതുകൊണ്ട് ഈ അടിയന്തരപ്രമേയത്തിന് യാതൊരു പ്രസക്തിയുമില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ധനവിനിയോഗബില്ലിന്റെ ചർച്ചയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി നടത്തിയ മറപടി പ്രസംഗത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയും പെൻഷൻ പ്രായം 60 വയസ്സായി ഉയർത്താനുള്ള നീക്കവും സംബന്ധിച്ച് പറഞ്ഞത് ഒരു അക്കാഡമിക് ഡിസ്കഷനു വേണ്ടിയാണെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തുന്നതുസംബന്ധിച്ച് പ്രതിഷേധത്തെ ഭയന്ന് പുറകോട്ട് പോവുകയില്ല എന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. യുവജന സംഘടനകളുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം നടപ്പിലാക്കുമെന്നും പറഞ്ഞു. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സായി വർദ്ധിപ്പിച്ച സന്ദർഭത്തിൽ അത് പരിഗണിച്ചിട്ടില്ലെന്ന് പറയുകയും യുവജന സംഘടനകളുമായി ചർച്ച ചെയ്യാതെ ഏകപക്ഷീയമായി പ്രഖ്യാപിക്കുകയുമാണ് ചെയ്തത്. അതുകൊണ്ട് യാദൃച്ഛികമായി പ്രഖ്യാപിച്ചതല്ല, ഇതിനെക്കുറിച്ച് ആലോചന നടന്നിട്ടുണ്ട് എന്നത് വ്യക്തമാണ്. പെൻഷൻ ഒരു അവകാശമാണെന്ന് സുപ്രീം കോടതി തന്നെ നിർവ്വചിച്ചിട്ടുണ്ട്. അത് സർക്കാർ തീരുമാനങ്ങൾക്കനുസരിച്ച് മാറ്റാവുന്നതല്ല. പെൻഷൻ കൊടുക്കുന്ന സ്കീമിൽനിന്ന് പുറകോട്ടുപോകാൻ കേന്ദ്ര സർക്കാർ ആസൂത്രണം ചെയ്യുന്ന ഒരു പദ്ധതിയിലേക്ക് സംസ്ഥാനത്തെ എത്തിക്കാനും സർക്കാർ ജീവനക്കാരെയും യുവജനങ്ങളെയും വഞ്ചിക്കുവാനുമുള്ള ആസൂത്രണമാണ് നടക്കുന്നത്. 55 വയസ്സ് കഴിഞ്ഞവരുടെ കർമ്മശേഷി ഫലപ്രദമായി വിനിയോഗിക്കാനുള്ള പദ്ധതിയെക്കുറിച്ച് സർക്കാർ ആലോചിക്കണം. അതോടൊപ്പം അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാരെക്കുറിച്ചും ആലോചിക്കണം. സംസ്ഥാനത്ത് ആകെ 416 പേർക്കാണ്

സ്വയം സംരംഭക മിഷൻ വഴി പരിശീലനം നൽകിയിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയ നിയമനങ്ങൾ നടത്തുന്നില്ല. വ്യവസായം, കൃഷി, സ്വയംതൊഴിൽ എന്നിവയിൽ തൊഴിലവസരങ്ങൾ നിഷേധിക്കപ്പെടുന്നു. സംസ്ഥാനത്തിന്റെ തൊഴിൽദായകരായ സർക്കാർതന്നെ ജീവനക്കാരുടെ പെൻഷൻപ്രായം വർദ്ധിപ്പിച്ച് ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ഇല്ലാതാക്കുന്ന സമീപനം സ്വീകരിക്കുന്നത് ആശങ്കയുളവാക്കുന്നതാണ്. കേരളത്തിൽ സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം അറുപത് വയസ്സാക്കുന്നതും പങ്കാളിത്ത പെൻഷൻ സ്കീം ഏർപ്പെടുത്തുന്നതും ആശാസ്യമല്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കോൺട്രിബ്യൂട്ടറി പെൻഷനും പെൻഷൻ പ്രായം അറുപത് വയസ്സും എന്ന ആശയം സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് ക്യാബിനറ്റാണ്. കോൺട്രിബ്യൂട്ടറി പെൻഷൻ കൊണ്ടുവന്നാൽ സർക്കാരിന് അധിക ബാദ്ധ്യതയാണുണ്ടാകുന്നത്. ഇന്നുള്ളവർക്ക് പെൻഷൻ വിതരണം ചെയ്യുകയും കോൺട്രിബ്യൂട്ടറി പെൻഷന്റെ വിഹിതം അടയ്ക്കുകയും വേണം. ബംഗാൾ, ത്രിപുര, കേരളം ഒഴികെയുള്ള സംസ്ഥാനങ്ങളും കേന്ദ്ര ഗവണ്മെന്റും ഒൻപത് വർഷം മുമ്പ് കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കിയിട്ടുണ്ട്. കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കിയതിലൂടെ വികസന രംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ബീഹാർ അടക്കമുള്ള സംസ്ഥാനങ്ങൾ മുന്നോട്ടുപോകുന്നത്. സർക്കാർ ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ ഇക്കാര്യം നടപ്പിലാക്കുകയുള്ളൂ. നിലവിലുള്ള ജീവനക്കാർക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിൽ പുതിയതായി വരുന്നവർക്കു മാത്രമാണ് കോൺട്രിബ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താനുദ്ദേശി

ക്കുന്നത്. ഇക്കാര്യം സർവ്വീസ് സംഘടനകളുമായി സംസാരിക്കുന്നതായിരിക്കും. കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കുമ്പോൾ നിലവിലുള്ളവർക്ക് പെൻഷൻ പ്രായം കൂട്ടാമെന്നതിനെക്കുറിച്ച് ആലോചിക്കാമെന്നാണ് പറഞ്ഞത്. പെൻഷൻ പ്രായം അമ്പത്തിയാറ് വയസ്സാക്കിയപ്പോഴും പെൻഷനായാലുണ്ടാകാവുന്ന ഒഴിവുകൾക്ക് തുല്യമായ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് നിയമനം നടത്തിയിട്ടുണ്ട്. 2011 മേയ് 11 മുതൽ 2012 ഏപ്രിൽ വരെ 32897 പേർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകുകയും 48832 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഏകീകരണത്തിന്റെ പേരിൽ വിരമിക്കൽ പ്രായം ഫലത്തിൽ 56 ആക്കിയ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ സൂപ്പർന്യൂമററി പോസ്റ്റ് സൃഷ്ടിക്കുമെന്ന് സഭയിൽ ഉറപ്പ് നൽകിയെങ്കിലും അത് പാലിച്ചില്ല. ഈ സർക്കാർ ചെറുപ്പക്കാരെ വിശ്വാസത്തിലെടുത്ത് മാത്രമേ പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച ഏത് തീരുമാനവും എടുക്കുകയുള്ളൂ. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, സി. കെ. നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**<u>ശ്രദ്ധക്ഷണിക്കൽ</u>**

**(1) <u>തുറമുഖങ്ങളുടെ നവീകരണം</u>**

<u>ശ്രീ. കെ.എം. ഷാജി</u>: സംസ്ഥാനത്ത് 590 കീ.മീ ദൈർഘ്യമുള്ള തീരദേശവും ഒരു വൻകിട തുറമുഖവും 17 ചെറുകിട-ഇടത്തരം തുറമുഖങ്ങളുമുണ്ട്. അനന്ത സാധ്യതകളുള്ള സംസ്ഥാനത്തെ അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ തുറമുഖങ്ങളെ ഉപയോഗ യോഗ്യമാക്കി വാണിജ്യ വ്യാപാര മേഖലകൾ വികസിപ്പിക്കുന്നതിന് സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. അന്താരാഷ്ട്ര കപ്പൽ ചാലുമായി കേരള തീരത്തിനുള്ള സാമീപ്യം തുറമുഖങ്ങളുടെ വികസന സാധ്യതയെ വർദ്ധിപ്പിക്കുന്നു. പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി പണം ലഭ്യമാക്കി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വിപുലീകരണ പദ്ധതി നടപ്പിലാക്കുന്നതോടെ കപ്പൽ നിർമ്മാണം, റിപ്പയറിംഗ്, ടൂറിസ്റ്റ് കേന്ദ്രങ്ങൾ തുടങ്ങി ധാരാളം മേഖലകളിൽ വികസന മുന്നേറ്റമുണ്ടാക്കാനും കയർ, കശുവണ്ടി, മറ്റു കാർഷിക വിഭവങ്ങൾ എന്നിവയുടെ വ്യാപാര-വാണിജ്യതോത് വർദ്ധിപ്പിക്കാനും സാധിക്കും. തുറമുഖങ്ങളെ വികസിപ്പിച്ച് അവ തമ്മിൽ ബന്ധിപ്പിച്ച് ജലഗതാഗതത്തിന് സൗകര്യം വർദ്ധിപ്പിക്കാനും ബാർജ് പോലെയുള്ള സാധ്യതകൾ ഉപയോഗിക്കാനും നടപടി സ്വീകരിക്കണം. മേജർ പോർട്ട് സ്ഥാപിക്കാനുദ്ദേശിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബാബു):</u> കേരളത്തിലെ തുറമുഖങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തത്തക്കവിധത്തിൽ ചരക്കുഗതാഗതം ജലമാർഗ്ഗമാക്കി മാറ്റുന്നതിന് ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു പദ്ധതിയെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

അഴീക്കൽ മുതൽ വിഴിഞ്ഞം വരെയുള്ള പ്രധാനപ്പെട്ട ചെറുകിട-ഇടത്തരം തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി ബൃഹത്തായ ഒരു പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി ഡ്രഡ്ജിംഗ്, വാർഫ് നവീകരണം, മെക്കാനിക്കൽ ഉപകര ണങ്ങൾ ലഭ്യമാക്കൽ, ഐ.എസ്.പി.എസ്. കോഡ് നടപ്പാക്കൽ, റെയിൽ -റോഡ് കണക്റ്റിവിറ്റി എന്നിവയ്ക്ക് പ്രാധാന്യം നൽകി നടപ്പാക്കിവരുന്നു. 'മാരിടൈം ബോർഡ്' സ്ഥാപിക്കുന്നതിനുള്ള നിയമനിർമ്മാണം അന്തിമഘട്ട ത്തിലാണ്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് ആദ്യത്തെ 5 വർഷംവരെ ഇൻസെന്റീവ് നൽകുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നുണ്ട്. കോസ്റ്റൽ ഷിപ്പിംഗിലൂടെ സിമെന്റ്, ഭക്ഷ്യധാന്യങ്ങൾ, മാർബിൾ, ഗ്രാനൈറ്റ്, മരം എന്നിവ കേരളത്തിലെ തുറമുഖങ്ങളിലേക്കും കശുവണ്ടി, റബ്ബർ, കയർ മുതലായവ മറ്റു തുറമുഖങ്ങളിലേക്കും കൈമാറ്റം ചെയ്യാൻ സാധിക്കും. അഴീക്കൽ തുറമുഖത്തിന്റെ വാർഫ് നവീകരണം പൂർത്തിയായിട്ടുള്ളതു കൂടാതെ മൂന്ന് ഘട്ടങ്ങളിലായി 440 കോടി രൂപയുടെ പദ്ധതി നടപ്പാക്കു ന്നതിന് തയ്യാറാക്കിയിട്ടുമുണ്ട്. ബേപ്പൂർ തുറമുഖത്ത് ഐ.എസ്.പി.എസ്. കോഡ് നടപ്പാക്കുന്നതിനും ആഴം മൂന്ന് മീറ്ററിൽ നിന്നും 5 മീറ്ററാക്കുന്ന തിനും 8.2 കോടി രൂപയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ലക്ഷദ്വീപിനുവേണ്ടി 200 മീറ്റർ ഡെഡിക്കേറ്റഡ് വാർഫ് നിർമ്മിക്കുന്നതിന് 43 കോടി രൂപയുടെ ഒരു പദ്ധതി കരാറായിട്ടുണ്ട്. കൊടുങ്ങല്ലൂർ തുറമുഖത്ത് ഷിപ്പിംഗ് പ്രവർത്തനം നടത്തുന്നതിന് ഐ.ഡബ്ള്യു.എ.-യുടെ വാർഫ് ലഭ്യമായിട്ടുണ്ട്. കൊല്ലം പോർട്ടിന് പോർട്ട് ഓപ്പറേറ്ററെ നിശ്ചയിക്കുന്നതിനും കണ്ടെയ്നർ ഹാന്റിലിംഗ് ക്രെയിനിനും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ജനുവരിയിൽ ചരക്കു

കപ്പൽ എത്തിക്കുവാൻ സാധിക്കും. വിഴിഞ്ഞത്തെ പഴയ തുറമുഖത്ത് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും കസ്റ്റംസ് പോർട്ട് ആക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ ഡിസംബറിൽ ഉണ്ടാകുകയും ചെയ്യും. പൊന്നാനി. പോർട്ട് ബി.ഒ.ടി. വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോസ്റ്റൽ ഷിപ്പിംഗ് സംബന്ധിച്ചും ജലപാതയുടെ രൂപീകരണം സംബന്ധിച്ചുമുള്ള നടപടികൾ ത്വരിതഗതിയിൽ മുന്നോട്ടു പോകുകയാണ്. തുറമുഖങ്ങളുടെ നവീകരണത്തിനായി ഇതുവരെ 23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ടൂറിസം വികസനത്തിനായി ആലപ്പുഴ, തലശ്ശേരി, വലിയതുറ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. തുറമുഖങ്ങൾ വഴിയുള്ള വികസന സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെ ടുത്തുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. മേജർ പോർട്ട് കേന്ദ്ര സർക്കാർ അനുവദിക്കുകയാണെങ്കിൽ കണ്ണൂരിലെ അഴീക്കൽ ആയിരി ക്കണമെന്ന് സംസ്ഥാന സർക്കാർ നിവേദനം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ അദ്ധ്യക്ഷനായി ഒരു ഉപ സമിതിയെ പരിശോധനയ്ക്കായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം നിയോഗിക്കു കയും റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്.

## (2) ഡ്രഗ് ഫോർമുലറി പ്രോട്ടോക്കോൾ

ശ്രീ. വി.എസ്. സുനിൽ കുമാർ: ജനറിക് നാമത്തിൽ മരുന്ന് എഴുതുന്ന തിന് ഡോക്ടർമാർക്ക് നിർദ്ദേശം നൽകുകയും മരുന്നുകളുടെ വില നിയന്ത്രി ക്കുന്നതിനുവേണ്ടി ഹോൾസെയിൽ വ്യാപാരം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് വില കുറച്ച് റീട്ടെയിൽ ഷോപ്പുകളിലൂടെ വിതരണം ചെയ്യാൻ നട പടി സ്വീകരിക്കുകയും വേണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കേരളത്തിൽ മരുന്നുകളുടെ ഉപയോഗത്തെ സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ ഡ്രഗ് ഫോർമുലറി കമ്മിറ്റി തയ്യാറാക്കിയ ഡ്രഗ് ഫോർമുലയുടെ ഭാഗമായി ആശുപത്രികളിൽ ഉപയോഗിക്കാനുള്ള എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റ് തയ്യാറാക്കുകയും അതനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജനറിക് മരുന്നുകൾ സംഭരിച്ച് ആശുപത്രികളിൽ വിതരണം ചെയ്തുവരികയും ചെയ്യുന്നു. ആദായനികുതി അടയ്ക്കുന്നവരൊഴികെയുള്ള രോഗികൾക്കാവശ്യമായ മുഴുവൻ ജനറിക് മരുന്നുകളും ഒ.പി./ഐ.പി.വഴി നവംബർ 1 മുതൽ സൗജന്യമായി വിതരണം ചെയ്യുന്നതാണ്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ റാഷണൽ പ്രിസ്ക്രൈബിംഗ് പ്രാക്ടീസസ് കമ്മിറ്റി പ്രൈമറി, സെക്കന്ററി, മെഡിക്കൽ കോളേജ് തലങ്ങളിൽ പ്രിസ്ക്രൈബ് ചെയ്യേണ്ട മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആ ലിസ്റ്റിന്മേലുള്ള പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതും ലിസ്റ്റിൽപ്പെട്ട മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. ലിസ്റ്റിൽ ഉൾപ്പെടാത്ത വില കൂടിയ മരുന്നുകൾ വാങ്ങുന്നതിന് അനുവാദം നൽകുന്നതിന് എല്ലാ മെഡിക്കൽ കോളേജിലും മൾട്ടി സ്പെഷ്യാലിറ്റി കമ്മിറ്റി രൂപീകരിക്കുന്നതാണ്. എല്ലാ ഡോക്ടർമാരും ജനറിക് നാമത്തിൽ മരുന്ന് എഴുതണമെന്ന് നിഷ്ക്കർഷിക്കുന്നതിന് കേന്ദ്രനിയമം ആവശ്യമാണ്. മരുന്നുകളുടെ വില കുറയ്ക്കുന്നതിനായി മാർക്കറ്റ് ഇന്റർവെൻഷൻ നടത്താനും 35 കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. ആവശ്യമാണെ

ങ്കിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ സർക്കാർ തലത്തിൽ ആരംഭിക്കുന്ന താണ്. മരുന്നുകളുടെ ഹോൾസെയിൽ വ്യാപാരം ഏറ്റെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സബ്മിഷൻ

### (1) ആർ.എസ്.ബി.വൈ. പദ്ധതി

ശ്രീ. എ.റ്റി. ജോർജ്: ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരമുള്ള ക്ലെയിം തുകകൾ ലഭ്യമാക്കുന്നതിനും പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസിയായ 'ചിയാക്'-ന്റെ ഇടപെടൽമൂലം രോഗികൾക്ക് ചികിത്സാ സഹായം ലഭ്യമാകാത്തതിനെക്കുറിച്ച് അന്വേഷിക്കുന്നതിനും പാവപ്പെട്ട രോഗികൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): കേന്ദ്ര ഗവൺമെന്റിന്റെ ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം 30000 രൂപയുടെ ചികിൽസയാണ് ബെനിഫിഷ്യറികൾക്ക് ലഭിക്കുന്നത്. കേരളത്തിൽ നാലുവർഷംകൊണ്ട് എട്ട് ആശുപത്രികളാണ് ഈ പദ്ധതിയുടെ പരിധിയിൽ നിന്ന് സ്വയം ഒഴിഞ്ഞുപോയത്. 'ചിയാക്ക്'-ന് ഇതിൽ യാതൊരു പങ്കുമില്ല. ഇൻപേഷ്യന്റിനു വേണ്ടിയുള്ള ഒരു പദ്ധതിയാണെങ്കിലും ഇതിൽ ദുരുപയോഗം നടന്നതുകൊണ്ട് പ്രീമിയം ഓരോ തവണയും വർദ്ധിച്ചുവരിക യാണ്. പ്രീമിയം കൂടിയ പശ്ചാത്തലത്തിൽ ഗവൺമെന്റ് കർക്കശ നിലപാട് സ്വീകരിച്ചിട്ടുണ്ട്. തെറ്റായ പ്രവണതകൾ അവസാനിപ്പിക്കാനും പ്രീമിയം തുക കൃത്യമായി സ്വകാര്യ ആശുപത്രികൾക്ക് എത്തിക്കാനുമുള്ള സംവി ധാനം എർപ്പെടുത്തിയിട്ടുണ്ട്.

## (2) അലിന്റ്-ന്റെ പുനരുദ്ധാരണം

ശ്രീ. എം.എ. ബേബി: തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന കുണ്ടറ അലിന്റ്-നെ പുനരുദ്ധരിക്കാനും ജീവനക്കാർക്ക് ഉൽസവബത്ത നൽകാനും അടിയന്തര നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ കുഞ്ഞാലിക്കുട്ടി) : ടെക്നോളജി മാറ്റത്തിന്റെ ഫലമായി കുണ്ടറ അലിന്റ്-ന് പ്രതിസന്ധി നേരിടേണ്ടി വന്നിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇതിന്റെ പുനരുദ്ധാരണത്തിനായി ബന്ധപ്പെട്ട മന്ത്രിമാരുമായി ചർച്ച നടത്തിയിരുന്നു. അടുത്ത ബി.എസ്.ആർ. മീറ്റിംഗിൽ ഇതുസംബന്ധിച്ച് മെച്ചപ്പെട്ട തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. തൊഴിലാളികൾക്ക് ഇടക്കാലാശ്വാസവും ആനുകൂല്യങ്ങളും നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (3) എമർജിംഗ് കേരള നിക്ഷേപക സംഗമം

ശ്രീ. എം.എ. വാഹീദ്: എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ കഴക്കൂട്ടം മണ്ഡലത്തിലെ അനന്ത സാധ്യതകളുള്ള പ്രധാന പ്രോജക്ടുകളും തിരുവനന്തപുരം മോണോ റെയിൽ പദ്ധതിയും ഉൾപ്പെടുത്തുന്നതിന് നടപടിയുണ്ടാകണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പികെ കുഞ്ഞാലിക്കുട്ടി) : എമർജിംഗ് കേരളയുടെ വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. നിക്ഷേപത്തിനുള്ള ഒരു ഇനിഷ്യേറ്റീവ് മാത്രമാണ് എമർജിംഗ് കേരള എന്നപേരിൽ കൊണ്ടുവന്നിരിക്കുന്നത്. ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും സെക്രട്ടറിമാരും അവരവരുടെ ഡിപ്പാർട്ടുമെന്റിൽ സാദ്ധ്യമായ പ്രോജക്ടുകളും നിക്ഷേപക പ്രൊപ്പോസലുകളും അവതരിപ്പിക്കും. വർക്കല

പാക്കേജ് ഉൾപ്പെടെ കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട പദ്ധതികൾ എമർജിംഗ് കേരള വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതാണ്. മോണോ റെയിൽ പദ്ധതിയും ലൈസൻസ്ഡ് പാർക്കും ഉൾപ്പെടുത്തി യിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾക്കുവേണ്ടി കിൻഫ്രയുടെ സ്ഥലമോ പഞ്ചായത്ത് സ്ഥലമോ ലഭ്യമാക്കിയാൽ പഞ്ചായത്തിന്റെകൂടി സഹായ ത്തോടെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാനുള്ള പ്രൊഫൈൽ തയ്യാറാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

**(4) ടോൾ നിരക്ക്**

പ്രൊഫ. സി. രവീന്ദ്രനാഥ്: തൃശ്ശൂർ ജില്ലയിലെ പാലിയക്കരയിൽ എൻ.എച്ച്. 47-ലെ വർദ്ധിച്ച ടോൾ നിരക്ക് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തിനാൽ ലൈറ്റ് മോട്ടോർ വാഹനങ്ങളുടെ ടോൾ നിരക്ക് കുറയ്ക്കാനുള്ള തുക ബഡ്ജറ്റിൽ നീക്കിവച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കേന്ദ്രസർക്കാരിന്റെ കീഴിലുള്ള എൻ.എച്ച്.എ.ഐ.-യും കൺസ്ട്രക്ഷൻ കമ്പനിയും ഒപ്പുവച്ച കരാറനുസരിച്ച് പതിനേഴര വർഷം ടോൾ പിരിക്കുന്നതിന് കൺസ്ട്രക്ഷൻ കമ്പനിക്ക് അധികാരമുണ്ട്. സാധാര ണക്കാരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ധാരാളം ആനുകൂല്യങ്ങൾ ഇതിനകം നൽകിയിട്ടുണ്ട്. ടോൾനിരക്ക് മുപ്പതുശതമാനം കുറയ്ക്കണമെന്നാ വശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്രഗവൺമെന്റിനും നാഷണൽ ഹൈവേ അതോറിറ്റിക്കും കത്തയച്ചുവെങ്കിലും നിരക്ക് കുറയ്ക്കാൻ സാദ്ധ്യമല്ല

എന്നാണ് അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ വീണ്ടും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

**(5) വൈദ്യുതി ബോർഡ് കമ്പനിവത്കരണം**

ശ്രീ. സി. ദിവാകരൻ: വെദ്യുതി ബോർഡ് കമ്പനിവല്ക്കരിക്കാനുള്ള നപടികളിൽനിന്ന് പിന്തിരിയാൻ സർക്കാർ തയ്യാറാകണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് വൈദ്യുതി ബോർഡ് കമ്പനിയാക്കി രജിസ്റ്റർ ചെയ്യാൻവേണ്ടിയുള്ള തീരുമാനമെടുക്കുകയും ബോർഡ് പിരിച്ചുവിട്ടുകൊണ്ടുള്ള ജി.ഒ. ഇറക്കുകയും ചെയ്തത്. ഇതിന്റെ ആസ്തിയും ലയബിലിറ്റിയും ജീവനക്കാരേയും ആ കമ്പനിയിലേക്ക് റീവെസ്റ്റ് ചെയ്യുന്ന നടപടി മാത്രമേ ശേഷിക്കുന്നുള്ളൂ. ജീവനക്കാരുടെ ടെർമിനൽ ബനിഫിറ്റിനെ സംബന്ധിച്ച പ്രശ്നങ്ങൾ ക്യാബിനറ്റ് സബ്കമ്മിറ്റി പഠിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്ഥാപനത്തെ കമ്പനിയാക്കിയാൽ മാത്രമേ ജീവനക്കാരുടെ പെൻഷനും മറ്റുമുള്ള സംഖ്യ വകയിരുത്തിക്കൊണ്ട് പ്രസ്തുത സ്ഥാപനത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ.

**(6) എച്ച്.എസ്.എസ്.ടി പ്രൊമോഷൻ**

ശ്രീ. തോമസ് ഉണ്ണിയാടൻ: ഒരേതരം ജോലിചെയ്യുന്ന ഒരേ ക്വാളിഫിക്കേഷനുള്ള രണ്ടുവിഭാഗങ്ങളായ ഹയർസെക്കന്ററി സീനിയർ അദ്ധ്യാപകരെയും ജൂനിയർ അദ്ധ്യാപകരെയും രണ്ടുതരത്തിൽ നിലനിർത്തുന്ന സാഹചര്യം ഒഴിവാക്കി ഇക്കാര്യത്തിലുള്ള ആശങ്കയൊഴിവാക്കാൻ സർക്കാർ തയ്യാറാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>): യോഗ്യരായ എച്ച്.എസ്.എസ്.ടി. ജൂനിയർ ടീച്ചേഴ്സുണ്ടെങ്കിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ പോസ്റ്റിലേയ്ക്കുള്ള നിയമനം അവരിൽനിന്നാണ് നടത്തേണ്ടത്. അവരുടെ അഭാവത്തിൽ ഒഴിവുകൾ 25:75 എന്ന അനുപാതത്തിൽ ഹൈസ്കൂൾ അസിസ്റ്റന്റിനും പി.എസ്.സി. നിയമനത്തിനുമായി വീതിക്കാവുന്നതാണ്. ഇങ്ങനെ വീതിക്കപ്പെടുന്ന തസ്തികകളിൽ 25 ശതമാനം എച്ച്.എസ്.എ.-മാർക്ക് പ്രൊമോഷൻ നൽകിയും എച്ച്.എസ്.എ.-മാരില്ലെങ്കിൽ യോഗ്യരായ എൽ.പി/യു.പി. അദ്ധ്യാപകരെ പരിഗണിച്ചുകൊണ്ടുമാണ് നടത്തുന്നത്. ശേഷിക്കുന്ന 75 ശതമാനം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനമാണ്. പ്രൊമോഷൻ ലഭിക്കാൻ യോഗ്യരായ എച്ച്.എസ്.എസ്.ടി. ജൂനിയർ അദ്ധ്യാപകരില്ലാത്തതിനാലാണ് 01-08-2008 മുതൽ 31-11-2011 വരെയുള്ള കാലത്തേയ്ക്കുള്ള ഒഴിവുകളിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. ഇതൊരിക്കലും നിലവിലുള്ള അദ്ധ്യാപകരെ ബാധിക്കുന്നതല്ല.

**(7) <u>ദളിത് യുവാക്കളുടെ പേരിൽ വ്യാജ അക്കൗണ്ടുകൾ</u>**

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: ചേലക്കര മണ്ഡലത്തിലെ വരവൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളിലെ ദളിത് യുവാക്കളെ സ്വാധീനിച്ച് അവരുടെ പേരിൽ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച് ആ അക്കൗണ്ടുകളിലേയ്ക്ക് എത്തിക്കുന്ന വൻതുകകൾ അവർ അറിയാതെ പിൻവലിച്ച് ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുവെന്ന് മനസ്സിലാക്കി ഈ യുവാക്കൾ പോലീസിൽ പരാതിപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ അന്വേഷണം നടത്തുന്നുണ്ടെങ്കിലും സംസ്ഥാന

സർക്കാർ ഇക്കാര്യം ഗൗരവമായി അന്വേഷിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഈ വിഷയം സംബന്ധിച്ച് ചെറുതുരുത്തി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ അന്വേഷണം മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നത്. അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്നു തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്നതാണ്. രാജ്യത്തിന്റെ പൊതുവായ പ്രശ്നമെന്ന നിലയിൽ ഇതിലെ കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(8) കെ. വി. നാരായണന്റെ മരണം**

ഡോ. കെ. ടി. ജലീൽ: 15-07-2012-ന് മലപ്പുറം ജില്ലയിലെ വട്ടംകുളം പഞ്ചായത്തിൽ കെ. വി. നാരായണൻ ചീട്ടുകളി കണ്ടുകൊണ്ടിരുന്ന സമയത്ത് പോലീസിനെക്കണ്ട് ഭയന്നോടി തൊട്ടടുത്തുള്ള മണ്ണെടുത്ത കുഴിയിൽ വീണ് മരണപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷിക്കണം. മരിച്ചയാളിന്റെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പട്രോളിംഗ് നടത്തിയ പോലീസിനെക്കണ്ട് വട്ടംകുളം പഞ്ചായത്തിൽ ചീട്ട് കളിച്ചുകൊണ്ടിരുന്ന 12 ആളുകൾ ഓടിപ്പോയതിൽ 3 പേരെ പോലീസ് പിടികൂടുകയും ശേഷിച്ചവരിൽ കെ.വി. നാരായണൻ ഉൾപ്പെടെ രണ്ടുപേർ ചീട്ടുകളി നടന്നതിന്റെ തെക്കുഭാഗത്തായി മണ്ണെടുത്ത്

മാറ്റിയ സ്ഥലത്ത് വീണുകിടക്കുന്നതായി കാണുകയും ഇരുവരെയും അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിക്കുകയും ചെയ്തെങ്കിലും കെ.വി. നാരായണൻ മരണപ്പെടുകയാണ് ചെയ്തത്. ഇതുസംബന്ധിച്ച് കേരള ഗാംബ്ലിംഗ് ആക്ടനുസരിച്ച് പൊന്നാനി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരിച്ചയാളുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

**(9) വിദ്യാർത്ഥിയുടെ മരണം**

ശ്രീ. പി.സി. വിഷ്ണുനാഥ്: ചെങ്ങന്നൂരിലെ ക്രിസ്റ്റ്യൻ കോളേജിൽ ഇന്നലെ ഒന്നാം വർഷ ഡിഗ്രി പ്രവേശനവുമായി ബന്ധപ്പെട്ട് പുതിയതായി വന്ന വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്ന പരിപാടിയിൽ വിശാൽ എന്ന എ.ബി.വി.പി. പ്രവർത്തകന് കോളേജ് കാമ്പസിന് വെളിയിൽവച്ച് കുത്തേൽക്കുകയും തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് മരണപ്പെടുകയും മറ്റ് രണ്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തതുസംബന്ധിച്ച് അന്വേഷണം ഊർജ്ജിതമാക്കുകയും തീവ്രവാദ സ്വഭാവമുള്ള സംഘടനകൾ കോളേജ് കാമ്പസിൽ സ്വാധീനമുറപ്പിക്കാൻ ശ്രമിക്കുന്നതിനെ ഗൗരവത്തോടുകൂടി കാണുകയും വേണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ചെങ്ങന്നൂർ ക്രിസ്റ്റ്യൻ കോളേജിൽ ഒന്നാം വർഷ ബിരുദ ക്ലാസ്സുകളിലെ നവാഗതർക്ക് സ്വാഗതം ആശംസിക്കുന്നതുമായി ബന്ധപ്പെട്ട് 16-07-2012-ന് രാവിലെ കോളേജിനകത്തുവച്ച് എ.ബി.വി.പി. പ്രവർത്തകരും ബിരുദ വിദ്യാർത്ഥികളും ക്യാമ്പസ് ഫ്രണ്ട് പ്രവർത്തകരുമായി നടന്ന വാക്കേറ്റത്തെത്തുടർന്ന് നടന്ന ആക്രമത്തിൽ ആർ.എസ്.എസ്. ചെങ്ങന്നൂർ നഗര

ശാരീരിക് പ്രമുഖ് വിശാലിനും വിഷ്ണു, ശ്രീജിത് എന്നിവർക്കും പരിക്കേറ്റ സംഭവത്തിൽ ചെങ്ങന്നൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരിക്കേറ്റ വിശാൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് 17-07-2012-ന് പുലർച്ച 3.00 മണിക്ക് മരണപ്പെട്ടു. മരണപ്പെട്ട വിശാലും പരിക്കേറ്റ ശ്രീജിത്തും കോളേജിലെ വിദ്യാർത്ഥികളല്ലെന്ന് അറിവായിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണം ചെങ്ങന്നൂർ സി.ഐ.യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

### (10) അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം

ശ്രീ. പി. ഉബൈദുള്ള: സംസ്ഥാനത്ത് വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്കും ഹെൽത്ത് സെന്ററുകൾക്കും കൃഷിഭവനുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി പൊന്നുംവില കൊടുത്ത് സ്ഥലം വാങ്ങാനും ലാന്റ് ബാങ്കിൽനിന്നും ഭൂമി ലഭ്യമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾ പരിശോധിച്ച് പരിഹാരം കാണുന്നതിനായി മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. ന്യായവിലയിന്മേലുള്ള പരാതികളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്നുള്ള അഭിപ്രായം ആരാഞ്ഞശേഷം ജില്ലാകളക്ടർ സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. അംഗൻവാടിപോലുള്ള സ്ഥാപനങ്ങൾക്ക് മാർക്കറ്റ് വില അടിസ്ഥാനപ്പെടുത്തി വസ്തു വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

### (11) <u>ഭൂനികുതി</u>

<u>ശ്രീ. സി. കൃഷ്ണൻ:</u> തളിപ്പറമ്പ് താലൂക്കിലെ ആലപ്പടമ്പ് വില്ലേജിൽ അമ്പത് സെന്റ് ഭൂമിവീതം കൈവശമുള്ള അമ്പത്തിരണ്ട് കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. നൂറ്റിഅമ്പത്തിരണ്ടോളം കുടുംബങ്ങളിൽനിന്ന് ഭൂനികുതിയും സ്വീകരിക്കുന്നില്ല. പെരിങ്ങോം വില്ലേജിൽ നാൽപ്പതിൽപ്പരം കുടുംബങ്ങൾക്ക് കൈവശരേഖ അനുവദിച്ചിട്ടില്ല. എരമം വില്ലേജിൽ ഇരുന്നൂറോളം കുടുംബങ്ങളിൽനിന്നും 1997-നുശേഷം ഭൂനികുതി പിരിക്കുന്നില്ല. വെള്ളൂർ വില്ലേജിൽ നാൽപത് വർഷമായി താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയമില്ല. പുളിങ്ങോം വില്ലേജിൽ മുപ്പത്തിയൊന്ന് കുടുംബങ്ങൾക്കും രാമന്തളി വില്ലേജിലെ കൈവശക്കാർക്കും പട്ടയമില്ല. ഇവർക്ക് പട്ടയം നൽകുന്നതിനും ഭൂനികുതി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> പെരിങ്ങോം വില്ലേജിലെ റീസർവ്വേ 317/1 എ-യിലെ സർക്കാർ ഭൂമി സ്വകാര്യ ഭൂമിയെന്ന് റീ-സർവ്വേ റിക്കോഡിൽ വന്നതിനാലാണ് നികുതി സ്വീകരിക്കാത്തത്. ഭൂമിയിലെ കൈവശക്കാരുടെ രേഖകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പടമ്പ് വില്ലേജിലെ സർവ്വേ നമ്പർ 1/1-ൽപ്പെട്ട ഭൂമിയിൽ അനധികൃതമായി താമസിക്കുന്ന കുടുംബങ്ങളുടേയും വെള്ളോറ വില്ലജിലെ വെള്ളോറ, കായപ്പൊയിൽ, കടവനാട് എന്നീ പ്രദേശങ്ങളിലെ മിച്ചഭൂമി കൈയേറി താമസിക്കുന്നവരുടെയും നിവേദനങ്ങൾ പരിശോധിച്ചു വരികയാണ്. എരമം വില്ലേജിലെ റീസർവ്വേ കഴിഞ്ഞ് റിക്കോർഡുകൾ വന്നതിനാൽ ഭൂനികുതി രജിസ്റ്ററിൽ പേരുള്ളവരുടെ നികുതി സ്വീകരിച്ചുവരുന്നു

ണ്ട്. ബാക്കിയുള്ളവരുടെ പേരുകൾ ചേർക്കുന്നതിന് താലൂക്ക് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പുളിങ്ങോം വില്ലേജിൽ റീസർവ്വേ നമ്പർ 127/1-ലെ ഭൂമിയിലെ അനധികൃത കൈയേറ്റക്കാർ പട്ടയത്തിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ ഭൂമി ഏറ്റെടുത്തിട്ടില്ല. വെള്ളൂർ വില്ലേജിലെ നാരായണിയമ്മയിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമി അഞ്ച് പട്ടികജാതി കുടുംബങ്ങളാണ് കൈവശം വച്ചിരിക്കുന്നത്. ഇതിൽ രണ്ട് കുടുംബങ്ങൾക്ക് ഓരോ ഏക്കർ മിച്ചഭൂമി വീതം ലഭിച്ചിട്ടുണ്ട്. മിച്ചഭൂമി കൈയേറി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകാൻ നിലവിലുള്ള നിയമപ്രകാരം സാധിക്കുകയില്ല.

**(12) <u>ചക്ലിയൻ, വേടൻ വിഭാഗക്കാർക്ക് ഭവന നിർമ്മാണ പദ്ധതി</u>**

<u>ശ്രീ. അൻവർ സാദത്ത്:</u> പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുന്ന ചക്ലിയൻ, വേടൻ, അരുന്ധതിയാർ, നായാടി, വേട്ടുവൻ, കല്ലാടി എന്നീ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതിയനുസരിച്ചുള്ള ധനസഹായവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. എ.പി. അനിൽ കുമാർ):</u> വേടൻ, അരുന്ധതിയാർ, ചക്ലിയൻ, നായാടി വേട്ടുവൻ, കല്ലാടി എന്നീ ദുർബല ജനവിഭാഗങ്ങൾക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതി നിലവിലുണ്ട്. അഞ്ച് സെന്റ് ഭൂമി വാങ്ങി വീടുവയ്ക്കുന്നതിന് നൽകിവരുന്ന ധനസഹായം ഇപ്പോൾ അഞ്ചുലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന്

പുറമെ പ്രതിമാസം നൽകിവരുന്ന സ്റ്റൈപന്റ് തുക വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## (13) പതിയൻ സമുദായത്തെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിലെ പതിയൻ, കാടർ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും ധനസഹായം പുനഃസ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): കിർത്താഡ്സിന്റെ റിപ്പോർട്ട് പ്രകാരം പട്ടികവർഗ്ഗ സവിശേഷതകളുള്ളവരെന്ന് കണ്ടെത്തിയിട്ടുള്ള വയനാട്ടിലെ പതിയൻ വിഭാഗത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പാർലമെന്റിന്റെ നിയമഭേദഗതി ആവശ്യമാണ്. അർഹതപ്പെട്ട മറ്റ് സമുദായങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ജോലി സംവരണം ഒഴികെയുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ ഇവർക്ക് നൽകുന്നുണ്ട്. ഈ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കിർത്താഡ്സ് നടത്തിവരുന്ന നരവംശശാസ്ത്ര പഠന റിപ്പോർട്ട് ലഭ്യമായാൽ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

റവന്യൂവു കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ എം.എൽ.എ.-മാരുടെ അഭിപ്രായം അറിയുവാൻ മുഖ്യമന്ത്രി യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## (14) ഇ.എം.എസ്. ഭവന പദ്ധതി

ശ്രീ. എ. എ. അസീസ്: ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം സബ്സിഡി ലഭിച്ചിട്ടുള്ളവർക്ക് ഭൂമി കൈമാറ്റം ചെയ്യാനുള്ള അവകാശം നൽകുന്നതോടൊപ്പം കക്കൂസ് നിർമ്മാണത്തിനായി നൽകുന്ന ധനസഹായം വിർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 7-11-09-ൽ പുറപ്പെടുവിച്ച മാർഗ്ഗ രേഖയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണത്തിനോ സ്ഥലം വാങ്ങാനോ ധനസഹായം അനുവദിക്കുകയാണെങ്കിൽ സ്ഥലത്തിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും പത്ത് വർഷത്തേയ്ക്ക് ഒഴിവാക്കുന്നതിന് ഗുണഭോക്താവ് കരാർപത്രം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥകൾ എടുത്തുകളഞ്ഞാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ഭൂമി അന്യാധീനപ്പെടുത്താനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ ഗുണഭോക്താവ് കൈപ്പറ്റിയ തുക പലിശസഹിതം തിരിച്ചടയ്ക്കുന്ന പക്ഷം ടി കരാർ പത്രം റദ്ദ് ചെയ്ത് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ അപേക്ഷകന്റെയും പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരം വസ്തു കൈമാറ്റം ചെയ്യാൻ അനുമതി നൽകിവരുന്നുണ്ട്. ഗ്രാമപ്രദേശത്ത് ടോട്ടൽ സാനിട്ടേഷൻ പദ്ധതിപ്രകാരം കക്കൂസ് നിർമ്മാണത്തിന് ഇപ്പോൾ പതിനായിരം രൂപ അനുവദിക്കുന്നുണ്ട്.

## (15) ലെപ്രസി ഹോസ്പിറ്റലിന്റെ നവീകരണം

ശ്രീ. ബി.ഡി. ദേവസ്സി: കൊരട്ടി ലെപ്രസി ഹോസ്പിറ്റൽ വക നൂറ് ഏക്കർ സ്ഥലത്ത് മെഡിസിറ്റി സ്ഥാപിക്കുന്നതിനും പ്രസ്തുത ഹോസ്പിറ്റൽ നവീകരിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : കൊരട്ടി ലെപ്രസി ആശുപത്രി കെട്ടിട നിർമ്മാണത്തിനായി 3.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. മെഡിസിറ്റി സ്ഥാപിക്കുന്നതിനുള്ള പഠനത്തിനായി ഇൻകെൽ-നെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (16) ആധുനിക വിദേശക്കപ്പലുകൾ നടത്തുന്ന മത്സ്യബന്ധനം

ശ്രീ. ഹൈബി ഈഡൻ : ഹുക്ക് ആന്റ് ലൈനർ, ട്യൂണ ലോങ്ലൈൻ, മിഡ് വാട്ടർ പെലാജിക് തുടങ്ങിയ ആധുനിക വലകൾ ഉപയോഗിച്ച് കേരളത്തിന്റെ കടൽത്തീരത്ത് വിദേശക്കപ്പലുകൾ മത്സ്യബന്ധനം നടത്തുന്നതുകൊണ്ട് തീരദേശ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : വിദേശക്കപ്പലുകൾ ഉപയോഗിച്ചുള്ള ആഴക്കടൽ

മത്സ്യബന്ധനത്തിന് ഇന്ത്യൻ കമ്പനികൾക്കും കോർപ്പറേഷനുകൾക്കും ലൈസൻസ് നൽകുന്ന വ്യവസ്ഥയനുസരിച്ച് ഇത്തരം കപ്പലുകളിൽ 25 ശതമാനം തൊഴിലാളികൾ ഇന്ത്യക്കാരായിരിക്കണമെന്നും പ്രസ്തുത കപ്പൽ ഇന്ത്യൻ കമ്പനി സ്വന്തമാക്കുമ്പോൾ ഭൂരിപക്ഷം തൊഴിലാളികളും ഇന്ത്യക്കാരായിരിക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. 12 നോട്ടിക്കൽ മൈൽ വരെയുള്ള ടെറിട്ടോറിയൽ മേഖല കഴിഞ്ഞ് എക്സ്ക്ലൂസീവ് എക്കണോമിക് സോൺ അവസാനിക്കുന്ന 200 നോട്ടിക്കൽ മൈൽ വരെയുള്ള കടലിൽ മത്സ്യബന്ധനം നടത്താനാണ് കേന്ദ്ര സർക്കാർ അനുമതി നൽകുന്നത്. ഏത് സമയത്തും കപ്പലുകൾ പരിശോധിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. 12 നോട്ടിക്കൽ മൈൽ വരെയുള്ള കടലിലെ മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളും മാത്രമേ സംസ്ഥാന സർക്കാരിന് നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. വിദേശ കപ്പലുകൾക്ക് അനുമതി നൽകുന്നതു വഴി സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തിനുണ്ടാകുന്ന നഷ്ടവും മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കാൻ ഉചിതമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## ധനകാര്യം

### 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്തുവയ്ക്കുന്നു.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2012-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നികുതി നിർദ്ദേശങ്ങളും നികുതിയിളവുകളും 01-04-2012 മുതൽ പ്രാബല്യം നൽകുന്നതിനുള്ള ബില്ലാണിത്. ഈ ബിൽ II, V, VIII എന്നീ സബ്ജക്ട് കമ്മിറ്റികളുടെ സംയുക്ത പരിശോധനയ്ക്ക് അയയ്ക്കുകയും സംയുക്ത കമ്മിറ്റി ബില്ലിലെ 1, 7, 8 ക്ലാസ്സുകൾക്ക് ചില ഭേദഗതികൾ നിർദ്ദേശിക്കുകയും

ചെയ്തിട്ടുണ്ട്. ക്ലാസ്സ് 1-ന്റെ ഭേദഗതി അത് നടപ്പിലാകുന്ന തീയതിയെ സംബന്ധിച്ചും 7-ാം ക്ലാസ്സിനുള്ള ഭേദഗതികൾ ബെനഫിഷ്യറി കമ്മിറ്റികൾ നടപ്പിലാക്കുന്ന ജലനിധി പദ്ധതികളുടെ കരാർ ജോലികളുടെ നികുതി 5 ശതമാനത്തിൽനിന്ന് 4 ശതമാനമായി കുറയ്ക്കുന്നതിനുവേണ്ടിയുമുള്ളതാണ്. കോമ്പൗണ്ടിംഗ് നികുതി ഓപ്റ്റ് ചെയ്യുന്ന മരുന്നുൽപ്പാദകർക്ക് അവർ മരുന്നുൽപ്പാദനത്തിന് വാങ്ങിയ മെറ്റീരിയലുകൾക്ക് 01-04-2005 മുതൽ സ്പെഷ്യൽ റിബേറ്റ് നൽകുന്നതിനും ഫോട്ടോഗ്രാഫി മെഷിനറികൾക്ക് 01-07-2006 മുതൽ 23-10-2006 വരെ ചുമത്തിയിരുന്ന അധിക നികുതി റദ്ദ് ചെയ്യാനും ''D'' punched ബാഗുകളുടെ നികുതി ക്യാരി ബാഗുകളുടെ നിർവ്വചനത്തിൽനിന്നും ഒഴിവാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബില്ലിലുണ്ട്. 8-ാം വകുപ്പിൽ സർക്കാർ ആശുപത്രികളിലെ രോഗികൾക്ക് ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്നതിന് ബിവറേജസ് കോർപ്പറേഷനുക ളുടെമേൽ ഒരു ശതമാനം സെസ് ഏർപ്പെടുത്തുന്നതിനുള്ളതാണ്.

**<u>റൂളിംഗ്</u>**

**<u>വിയോജനക്കുറിപ്പ്</u>**

<u>മി. സ്പീക്കർ</u> : 2012-ലെ കേരള ധനകാര്യ ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചതോടൊപ്പം II, Vഎന്നീ കമ്മിറ്റികൾ സംയുക്തമായി പരിശോധിക്കുകയുണ്ടായി. വ്യത്യസ്ത കമ്മിറ്റികളെ പ്രതിനി ധാനം ചെയ്യുന്ന ഇതിലെ ആറ് അംഗങ്ങൾ ഒരുമിച്ച് വിയോജനക്കുറിപ്പ് രേഖ പ്പെടുത്തിയിരിക്കുന്ന നടപടി തെറ്റാണ്. പൊതുവായി 6 വിഷയങ്ങൾ പറഞ്ഞ് 6 പേരുടെ വിയോജനക്കുറിപ്പുണ്ട്. യഥാർത്ഥത്തിൽ II-ാം നമ്പർ സബ്ജക്ട്

കമ്മിറ്റിയിലുള്ള അംഗവും V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിലുള്ള അംഗവും പ്രതിനിധാനം ചെയ്യുന്ന സബ്ജക്ട് കമ്മിറ്റിയുടെ വിയോജനക്കുറിപ്പ് മാത്രമേ നൽകാൻ ചട്ടത്തിൽ പാടുള്ളൂ. വിയോജനക്കുറിപ്പ് ഏതിലാണോ അതിന്മേലാണ് അംഗങ്ങൾ സംസാരിക്കേണ്ടത്. 10 മിനിറ്റിൽ കൂടുതൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി സംസാരിക്കാൻ പാടില്ലെന്ന് 2003-ൽ വ്യക്തമായ റൂളിംഗുണ്ട്.

ശ്രീ. ജോസ് തെറ്റയിൽ : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഉയർന്ന നിലവാരത്തിലുള്ള വാഹനങ്ങൾക്ക് നികുതി നിരക്ക് വർദ്ധിപ്പിക്കണമെന്നാണ് നിർദ്ദേശിക്കാനുള്ളത്. ചെറിയ വാഹനങ്ങൾക്ക് ഇന്നുള്ള ബാധ്യതയും നികുതി ഭാരവും കുറയ്ക്കുന്ന രീതിയിൽ നിരക്ക് പരിഷ്ക്കരിക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥ് : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള നികുതി വർദ്ധനവ് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ബേക്കറി മേഖലയിലെ ചെറുകിടക്കാരെ നികുതി വർദ്ധനവിൽനിന്ന് ഒഴിവാക്കണം. ആയുർവേദ മേഖലയ്ക്ക് ഗുണകരമാകുവാൻ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള നികുതിമാറ്റ ഭേദഗതിക്ക് 13-11-2009 മുതൽ മുൻകാലപ്രാബല്യം നൽകണം. ചെരുപ്പ് വ്യവസായം, പ്ലാസ്റ്റിക്, സ്വർണ്ണ വ്യാപാരം, കൺസ്ട്രക്ഷൻ തുടങ്ങിയ മേഖല കളിലെ വർദ്ധിപ്പിച്ച നികുതി നിരക്ക് കുറയ്ക്കണം. നാഷണൽ ഹൈവേയിലെ ദുരിതത്തിന് അറുതി വരുത്താൻ രണ്ട് കോടി രൂപ നീക്കിവയ്ക്കണം. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള നികുതി വർദ്ധനവ് പിൻവലിച്ച് സാമ്പത്തിക നീതി നടപ്പിലാക്കാൻ തയ്യാറാകണം. റിയൽ വേജ് കുറയുന്നതിനനുസരിച്ച് നികുതി നിരക്ക് കുറയ്ക്കണം. സാമ്പത്തിക ചലനങ്ങൾക്കനുസൃതമായി ഫിനാൻസ്

ബില്ലിന് രൂപം നൽകണം. സാമ്പ്രദായിക ടാക്സിംഗ് രീതി മാറ്റണം. രൂപയുടെ മൂല്യത്തകർച്ചയ്ക്കനുസരിച്ച് കടം വാങ്ങുന്നത് കുറയ്ക്കണം. ഫിനാൻസ് ബിൽ അനുസരിച്ച് അടുത്ത വർഷം റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ കൂടുതൽ നികുതി ഈടാക്കേണ്ടി വരുമെന്നും ഇത് സാധാരണക്കാരെ ഗുരുതരമായി ബാധിക്കുന്നതാണെന്നും മനസ്സിലാക്കണം. നവലിബറൽ സാമ്പത്തിക നയമാണോ സർക്കാർ പിന്തുടരാൻ പോകുന്നതെന്ന് വ്യക്തമാക്കണം. അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് ജനനന്മ ലക്ഷ്യമാക്കി ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാൻ തയ്യാറാകണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. "വാറ്റ്" 5-ഉം 13.5-ഉം ശതമാനമായി വർദ്ധിപ്പിച്ചത് സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ഇന്നത്തെ സാമ്പത്തിക നയങ്ങളുടെ ഫലമായുണ്ടായിരിക്കുന്ന വിലക്കയറ്റം നികുതി വർദ്ധനവിലൂടെ രൂക്ഷമാകുമെന്ന കാര്യത്തിൽ സംശയമില്ല. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് ആവശ്യമായ സാമ്പത്തിക പിന്തുണ നൽകാനും വിപണിയിൽ ഇടപെട്ട് സാധാരണക്കാർക്ക് ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാനും നടപടിയുണ്ടാകണം. ബഡ്ജറ്റിലെ വർദ്ധിപ്പിച്ച നികുതി നിരക്കുകൾ പിൻവലിക്കാനും വരുമാന വർദ്ധനവനുസരിച്ച് കർഷകരെ സഹായിക്കാനുമുള്ള നടപടി സ്വീകരിക്കണം. കർഷകർക്ക് നെല്ലിന്റെ സംഭരണവില അടിയന്തരമായി നൽകി കാർഷിക രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കണം. കർഷകത്തൊഴിലാളികളെ സഹായിക്കാനും അവരുടെ പെൻഷൻ സമയബന്ധിതമായി കൊടുത്തുതീർക്കാനും നടപടിയുണ്ടാകണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ചെറുകിട കാർഷിക മേഖലയേയും കച്ചവടക്കാരേയും സാരമായി ബാധിക്കുന്ന നിർദ്ദേശങ്ങളാണ് ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത്. ഇറക്കുമതിയിലുണ്ടാകുന്ന വർദ്ധനവ് കയറ്റുമതി രംഗത്തുണ്ടാകുന്നില്ല. നികുതി വർദ്ധിപ്പിക്കാതെ വരുമാനമുണ്ടാക്കാനുള്ള ക്രിയാത്മക നടപടികളാണ് അവലംബിക്കേണ്ടത്. നികുതി ചോർച്ച തടയാൻ നടപടി സ്വീകരിക്കണം. കോർപ്പറേറ്റ് ബേക്കറി മേഖലയിലെ നികുതി നാട്ടിൻപുറങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ചുമത്തിയിരിക്കുന്നത് പിൻവലിക്കണം. അയൽ സംസ്ഥാനവുമായി താരതമ്യം ചെയ്യുമ്പോൾ സ്വർണ്ണത്തിന്റെ നികുതിയിൽ നിലനിൽക്കുന്ന അന്തരം കുറയ്ക്കാൻ കഴിയണം. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ഉൾപ്രദേശങ്ങളിലേയ്ക്ക് മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കണം. മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരാനുള്ള ശാസ്ത്രീയമായ നടപടിക്രമങ്ങൾ ഉണ്ടാകണം. ആയുർവ്വേദത്തിന്റെ ഭാവിസാധ്യത തിരിച്ചറിഞ്ഞ് അതിന്മേലുള്ള അധിക നികുതി നിർദ്ദേശം പിൻവലിക്കാൻ തയ്യാറാകണം. കാർഷിക മേഖലയെ സംരക്ഷിക്കാണം.

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭൂനികുതി വർദ്ധനവിനെ എതിർക്കുന്നു. നികുതികൾ വർദ്ധിപ്പിക്കുന്നതനുസരിച്ച് വരുമാനം വർദ്ധിക്കുന്നില്ല. ബേക്കറി സാധനങ്ങളുടെ നികുതി 13.5 ശതമാനമായി വർദ്ധിപ്പിച്ചത് കുടിൽ വ്യവസായമേഖല തകർക്കുന്നതാണ്. നികുതി കുടിശ്ശിക പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കാൻ കഴിയണം. അരിഷ്ടമെന്ന പേരിൽ പെട്ടിക്കടകളിൽ മദ്യം വിൽക്കുന്നത് തടയാനും നികുതി ചോർച്ച ഒഴിവാക്കാനും നടപടിയുണ്ടാകണം. റോഡുകളും ജല

വിതരണ പൈപ്പുകളും അറ്റകുറ്റപ്പണി നടത്താൻ ഫലപ്രദമായ രീതിയിൽ പണം ചെലവഴിക്കണം. അനധികൃത ഭൂമി കൈയ്യേറ്റം നിയന്ത്രിക്കണം. പ്ലാസ്റ്റിക് സാധനങ്ങളുടെ നികുതി വർദ്ധനവ് ഈ മേഖലയിലെ കമ്പനികൾ അന്യസംസ്ഥാനങ്ങളിലേക്ക് പോകാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുമെന്നത ല്ലാതെ പ്ലാസ്റ്റിക് നിരോധനത്തിനുതകുന്നതാണോയെന്ന് പരിശോധിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. നികുതി വർദ്ധിപ്പിച്ച് വരുമാനം കൂട്ടാമെന്ന ഈ ഗവൺമെന്റിന്റെ വാദം ശരിയല്ല. നികുതി പിരിവ് കാര്യക്ഷമമാക്കണം. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനും വിലക്കയറ്റം നിയന്ത്രിക്കാനും പകർച്ച വ്യാധികൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി സ്വീക രിക്കണം. പൊതു വിതരണ സമ്പ്രദായം കാര്യക്ഷമമാക്കണം. മിക്ക പൊതു മേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സിവിൽ സർവ്വീ സിനെ പരിമിതപ്പെടുത്താനും തസ്തികകൾ വെട്ടിച്ചുരുക്കാനും എല്ലാ മേഖല യിലും സ്വകാര്യ പങ്കാളിത്തം വ്യാപിപ്പിക്കാനും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാനുമാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാര മുള്ള 2012-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്ന തിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2012-13 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശ ങ്ങൾക്ക് പ്രാബല്യം നൽകുന്നതിന് 7 നിയമങ്ങളാണ് ഭേദഗതി ചെയ്യുന്നത്. മൂല്യ വർദ്ധനവുമായി ബന്ധപ്പെട്ട് നിത്യോപയോഗ സാധനങ്ങളുടെ വില

വർദ്ധനവ് നിയന്ത്രിക്കുന്നതിന് 'വാറ്റ്' അഞ്ച് ശതമാനത്തിൽ നിന്ന് ഒരു ശതമാനമായി കുറച്ചെങ്കിലും അവയുടെ വില ക്രമാതീതമായി വർദ്ധി ച്ചുകൊണ്ടിരിക്കുകയാണ്. ഈ വിലവർദ്ധനവിൽ ഇടപെടാതിരിക്കുന്ന സമീപനം ശരിയല്ല. ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നയംമൂലം നികുതി വരുമാനം ഗണ്യമായ തോതിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഭക്ഷ്യസാധ നങ്ങൾക്കുൾപ്പെടെ അമിതമായി വില വർദ്ധിക്കുകയും പശ്ചാത്തല മേഖല തകരുകയും തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് വിഘാതമാകുന്ന തരത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിക്കാൻ ഇടയാക്കുന്ന നയമാണ് ഈ ഗവൺമെന്റ് പിന്തുടരുന്നത്. 45 ലക്ഷത്തോളം വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരെ കണക്കിലെടുക്കാതെ പെൻഷൻ പ്രായം ഉയർത്താൻ എടുത്ത തീരുമാനം തിരുത്താൻ തയ്യാറാകണം. ഭൂപരിഷ്ക്കരണ നിയമത്തെ അട്ടിമറിക്കുന്ന സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ജനദ്രോഹ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത് രാഷ്ട്രീയപാർട്ടി നേതാക്കളെ ദുഷ്ട ലാക്കോടുകൂടി തേജോവധം ചെയ്യുന്ന നടപടി അപലപനീയമാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാ രമുള്ള 2012-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നികുതി വരുമാനം വർദ്ധിപ്പിച്ചും മൂലധനനിക്ഷേപം നടത്തിയും സമ്പദ്‌വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ട് ആശ്വാസനടപടികളും

സാമൂഹ്യക്ഷേമപരിപാടികളും നടപ്പാക്കാൻ തയ്യാറാകണം. പുനർനിർമ്മാണ പ്രവർത്തനങ്ങൾ ക്രിയാത്മകമാക്കാൻ നടപടി സ്വീകരിക്കണം. ശാസ്ത്രീയ സമീപനത്തോടുകൂടിയ നികുതി നിർദ്ദേശങ്ങൾ നടപ്പാക്കണം. നികുതി വെട്ടിപ്പ് തടയാനും അമിതമായി നികുതി ഈടാക്കുന്നത് ഒഴിവാക്കാനും നികുതി നിർദ്ദേശങ്ങൾക്ക് വിധേയമാകാത്ത മേഖലകളിൽനിന്നും നികുതി ഈടാക്കാനും നടപടി സ്വീകരിക്കണം. വാറ്റ്-ന് യൂണിഫോം സിസ്റ്റം ഏർപ്പെടുത്തിയത് അന്തർ സംസ്ഥാന കള്ളക്കടത്ത് തടയുന്നതിന് സഹായകമാകും. സ്വർണ്ണത്തിന് 4 ശതമാനം നികുതി ഈടാക്കുന്നതിന്റെ ഫലമായി സംസ്ഥാനത്തിന്റെ നികുതി വരുമാനം ഗണ്യമായി കുറയുകയും ബിസിനസ്സ് അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോവുകയും ചെയ്തിട്ടുണ്ട്. ജനറിക് മെഡിസിൻ സൗജന്യമായി വിതരണം ചെയ്യുന്നതിനായി മദ്യത്തിന് ഒരു ശതമാനം നികുതി ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. മദ്യത്തിന് സോഷ്യൽ സെക്യൂരിറ്റി സെസ്സ് 6 ശതമാനത്തിൽ നിന്ന് 10 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. മദ്യത്തിൽനിന്നുള്ള വരുമാനം വേണ്ടെന്ന് വയ്ക്കാൻ തയ്യാറാകണം. സർക്കാരിന്റെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമായി മദ്യ വ്യവസായം നിലനിൽക്കുകയും അതിനുമുകളിൽ അമിത നികുതിഭാരം അടിച്ചേൽപ്പിക്കുകയും ചെയ്യുന്നത് അശാസ്ത്രീയമാണ്. പ്ലാസ്റ്റിക് കാരി ബാഗിന്റെ നികുതി വർദ്ധനവും 30 മൈക്രോണിന് മുകളിലുള്ള പ്ലാസ്റ്റിക്ക് വസ്തുക്കളുടെ നിരോധനവും ആ മേഖലയിലുള്ള ചെറുകിട വ്യവസായങ്ങളുടെ അടച്ചുപൂട്ടലിനും അയൽ സംസ്ഥാനങ്ങൾക്ക് കേരളത്തിൽ മാർക്കറ്റുണ്ടാക്കാനും അവസരമൊരുക്കും. ബ്രാൻഡ് ചെയ്യുന്ന ബേക്കറി സാധനങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചത് പിൻവലിക്കണം. ഡ്രഗ്

ലൈസൻസുള്ള ആയുർവ്വേദ ഔഷധങ്ങളുടെ ടാക്സ് 5 ശതമാനമായി വർദ്ധിപ്പിച്ചതും നിത്യോപയോഗ സാധനങ്ങളുടെ നികുതി 4 ശതമാനത്തിൽനിന്ന് ഒരു ശതമാനമായി കുറച്ചതും സ്വാഗതാർഹമാണ്. സംസ്ഥാനത്ത് പുതിയ നികുതി സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ  അതിന്റെ ഇംപാക്ട് സ്റ്റഡി നടത്തണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അശാസ്ത്രീയമായ നികുതിഘടനയെ സംബന്ധിച്ചും ചർച്ചയിലുയർന്നുവന്ന നല്ല ആശയങ്ങളെ സംബന്ധിച്ചുമുള്ള പരിശോധന ആവശ്യമാണ്. നികുതിയെ സംബന്ധിച്ച് പഠിക്കാൻ ടാക്സസ് സെക്രട്ടറി ചെയർമാനായുള്ള കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. സ്വർണ്ണത്തിന് അയൽ സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ നികുതി കൂടുതലാണെന്നതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ഉണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ പഠനം നടത്താൻ ചുമതലപ്പെടുത്തിയ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം ചർച്ച ചെയ്യാവുന്നതാണ്. മദ്യത്തിനും പ്ലാസ്റ്റിക് കാരിബാഗുകൾക്കും അധികനികുതി ഏർപ്പെടുത്തിയത് ജനനന്മയെ ലക്ഷ്യംവച്ചുകൊണ്ടാണ്. തുണിസഞ്ചിയെ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പണപ്പെരുപ്പം കൂടിയതുകൊണ്ടാണ് വിലക്കയറ്റം ഉണ്ടായത്. ലോകം സാമ്പത്തിക മാന്ദ്യത്തിലാണെങ്കിലും കേരളത്തിന്റെ സാമ്പത്തിക മാനേജ്മെന്റ് ഭദ്രമാക്കി മുന്നോട്ടുപോകാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 1999-ലെ ട്രേഡ്മാർക്ക് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത പ്രോഡക്ടുകൾക്കാണ് 13.5 ശതമാനം നികുതി ബാധകമാ

യിട്ടുള്ളത്. രജിസ്റ്റർ ചെയ്യാത്തവയ്ക്ക് 5 ശതമാനമാണ് നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. 2011-12-ൽ നെല്ല് സംഭരണത്തിന് 107 കോടി രൂപയും 2012-13-ൽ 95 കോടി രൂപയും ചെലവഴിക്കാൻ സർക്കാരിന് സാധിച്ചു. ആയുർവേദ മരുന്നുകൾക്കുള്ള നികുതി ശതമാനം കുറയ്ക്കുന്നതിന് മുൻകാലപ്രാബല്യം നൽകണമെന്ന നിർദ്ദേശം സംബന്ധിച്ച് പ്രത്യേകം പരിശോധിക്കാം. ജലനിധി വർക്കുകളുടെ നികുതി 4 ശതമാനമായി കുറച്ചിട്ടുണ്ട്. 200 രൂപ വരെയുള്ള ചെരുപ്പുകൾക്ക് 5 ശതമാനം നികുതിയാണ് ഈടാക്കുന്നത്. അതിൽ കൂടുതൽ വിലയുള്ള ചെരുപ്പുകൾക്കാണ് 13.5 ശതമാനം നികുതി ഏർപ്പെടുത്തിയിരിക്കുന്നത്. ചർച്ചയിൽ ഉയർന്നുവന്ന മറ്റ് നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**<u>3-ാം വകുപ്പ്</u>**

109-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

**<u>4-ാം വകുപ്പ്</u>**

110, 111, 112, 114 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**<u>7-ാം വകുപ്പ്</u>**

115, 116, 118, 119, 121, 122, 123, 124, 125, 126, 127, 128, 129, 130, 131, 132, 133, 134, 135, 136, 137, 138, 139, 140, 141, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 7-ാം വകുപ്പിൽ "ubstitutes" എന്ന വാക്ക് "substitutes" എന്നാക്കണം എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി 57-നെതിരെ 70 വോട്ടുകളോടെ സഭ നിരാകരിച്ചു.

## 8-ാം വകുപ്പ്

144-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

## 1-ാം വകുപ്പും പീഠികയും പേരും

107, 108 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2012-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം 57-നെതിരെ 70 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 3.13-ന് പിരിഞ്ഞു.

* * * * * * * * * * * * * *